ശ്രീ. ടി. എ, തൊമ്മൻ: സർ, ഇതു് ആലോചനക്കെടുക്കുന്നതിനുമുൻപു് ഒരു കാര്യം പറയാനുണ്ടു്. പേമെൻറു് ആഫ് വേജസു് ബിൽ പര്യാലോചനസ്സു് എടുക്കുമെന്നാണു് വിചാരിച്ചിരുന്നതു്. ഇന്നലത്തെയും, ഇന്നത്തെയും അജൻറായിൽ അതു് ഉൾപ്പെടുത്തിയിരുന്നു. അതിനെസംബന്ധിച്ചു് കുറെ നോക്കിയിട്ടാണു വന്നതു്. ഈ ബില്ലിൻെറ ചർച്ച ഇന്നു നടക്കുമെന്നു് ഒരു ധാരണയില്ലായിരുന്നു. എന്നാൽ ഇതിൻെറ ചർച്ചയിൽ പങ്കെടുക്കണമെന്ന ആഗ്രഹവും ഉണ്ടു്. സാധാരണഗതിയിൽ അജൻറാനോക്കി ഇത്രമാത്രം സമയം കൊണ്ടു് ഇതു ചർച്ചക്കു വരാൻ ഇടയില്ലെന്നു ധരിച്ചിരുന്നു. അതുകൊണ്ടു് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം വേണ്ടിടത്തോളം പഠിക്കാൻ സാധിച്ചിട്ടില്ല. പല അംഗങ്ങൾക്കും ഇതേ അഭിപ്രായമാണുള്ളതെന്നു വിചാരിക്കുന്നു. അതുകൊണ്ടു ബഹുമാനപ്പെട്ട സ്പീക്കറോടു് അഭ്യർത്ഥിക്കുന്നതു് ഇതിൻെറ പരിഗണനയും ചർച്ചയും ഒരു ദിവസത്തേക്കു് നീട്ടിവയ്ക്കണമെന്നാണു്.

Minister for Public Health (**Shri M. P. Govindan Nair**) : Sir, the consideration of this Bill may be postponed.

Mr. Speaker: I think the House agrees.

The House signified its agreement, and the consideration of the Bill was postponed.

The Kerala Medical Practitioners Bill, 1963 (*contd.*)

Mr. Speaker: Now, we pass on to the next item in the agenda, I call upon Shri T. A. Thomman to speak.

ശ്രീ. ടി. എ. തൊമ്മൻ: സർ, കേരളാ മെഡിക്കൽ പ്രാക്ടീഷണേഴ്സു് ബില്ലിൻെറ ചർച്ചയും മാററി വയ്ക്കുന്നതാണു് നല്ലതു്.

ശ്രീ. എൻ. എസ്. കൃഷ്ണ പിള്ള : ശ്രീ. ടി. എ. തൊമ്മൻെറ അഭിപ്രായത്തോടു് ഞാനും യോജിക്കുകയാണു്. ഇപ്പോൾ ചർച്ചചെയ്യാതിരിക്കുകയാണു് നല്ലതു്.

Mr. Speaker : A motion is there. Why can't we continue the discussion ?

ശ്രീ. ടി. എ. തൊമ്മൻ : ഈ ബില്ലു് സെലക്ററു കമ്മിററിക്കു് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചിട്ടുണ്ടു്. സെലക്ററു കമ്മിററിക്കു് സഹായകമായ വിധത്തിൽ, ഫലപ്രദമായ രീതിയിൽ ഇതിൻെറ ചർച്ച നടത്തുന്നതിനുള്ള സാവകാശം, ഇതു പഠിക്കുന്നതിനുള്ള അവസരം കിട്ടിയിട്ടില്ല.

മി. സ്പീക്കർ : അങ്ങനെ പറഞ്ഞാൽ ശരിയാകുമോ ?

ശ്രീ. ജോർജ്ജു് ജോസഫു് പൊടിപ്പാറ : സർ, ബില്ലു നോക്കിയിട്ടു വന്നവരുണ്ടു്.....

സർ, ഈ ബില്ലു് സെലക്ററു കമ്മിററിക്കയയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ അനുകൂലിക്കാൻ എനിക്കു സന്തോഷമുണ്ടു്. നമ്മുടെ രാജ്യത്തു് പല സിസ്റ്റത്തിലുള്ള മെഡിക്കൽ പ്രാക്ടീഷണേഴ്സു് നിലവിലുണ്ടു്. ആയുർവ്വേദം, അലോപ്പതി, ഹോമിയോപ്പതി, യുനാനി തുടങ്ങി പലതരം ചികിത്സാസമ്പ്രദായം ഇവിടെ നിലവിലിരിക്കുകയാണു്. ഇത്തരം പല വൈദ്യസമ്പ്രദായങ്ങളും നിലവിലിരിക്കുന്നതിനും പുറമേ, നാട്ടിൻപുറങ്ങളിലും മറും 'തലവേദന' ആണെന്നു പറഞ്ഞാൽ, 'കിണിയാത്തു വെള്ളത്തിൽ ചുക്കു് അരച്ചിട്ടാൽ മതി' എന്നു ഉപദേശം നൽകുന്ന തരത്തിലുള്ള ആളുകളും ഉള്ളതായി കാണാം. ഇത്തരം ഒരു പ്രവണത ഇന്നു നാട്ടിലുണ്ടു്. കാരണം എല്ലാ ആളുകളെ സംബന്ധിച്ചും വൈദ്യസംബന്ധമായ പ്രാഥമികമായ അറിവുള്ളതായി കാണാം. ഈ സാഹചര്യത്തിൽ പല രീതിയിലുള്ള വൈദ്യസമ്പ്രദായങ്ങളും ഈ രാജ്യത്തു നിലവിലിരിക്കുമ്പോൾ, ഗ്രാമ

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിലെ ഇൻഡിജിനസ് ചികിത്സാരീതി അനുവർത്തിച്ചുവരുന്ന ചില വൈദ്യന്മാർക്ക് രജിസ്ട്രേഷൻ കിട്ടാതെ വിഷമം നേരിടുന്നുണ്ട്. പ്രത്യേക നിബന്ധന വന്നതോടുകൂടി അവർക്ക് ചില വിഷമതകളും നേരിടുന്നുണ്ടെന്നു മനസ്സിലാക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

സർ, നമ്മുടെ രാജ്യത്ത് വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു ചികിത്സാ സമ്പ്രദായമാണ് വിഷചികിത്സ. രാജ്യത്തിന്റെ പല ഭാഗത്തും വിഷവാഹികളായ പാമ്പുകളും ധാരാളമുണ്ട്. പാമ്പുകടിയേറ്റാൽ പലപ്പോഴും ഉടനെ മരിക്കുകയോ, പെട്ടെന്നു മരിച്ചില്ലെങ്കിൽ, ആവശ്യമായ ചികിത്സാ സൗകര്യം കിട്ടാതെ പാവപ്പെട്ട ആളുകളും പലതരത്തിൽ ക്ലേശങ്ങളും സഹിച്ചിട്ട് മരണത്തിനു വിധേയരാകുകയോ ചെയ്യുന്നുണ്ട്. എന്നാൽ, വിഷവൈദ്യം ഇന്നു കേരളത്തിൽ ഏറ്റവും വളരെ പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ള ഒരു ഇൻഡിജിനസ് ചികിത്സാസമ്പ്രദായമാണ് വിഷചികിത്സ. കേരളത്തിലെ വിഷവൈദ്യന്മാർ ഇന്നു ഗവണ്മെന്റിൽനിന്നുള്ള സഹായസഹകരണങ്ങളും ഇല്ലാതെ വിഷമിക്കുകയാണ്. നിയമപരമായി അവർക്ക് സഹായം നൽകുന്നതിനും, സംരക്ഷണം നൽകുന്നതിനും ആവശ്യമായ വ്യവസ്ഥ ചെയ്യേണ്ടതാണ്. ഇന്നത്തെ നിയമം അനുസരിച്ച് അവർക്ക് രജിസ്ട്രേഷൻ ഇല്ലാത്തതുകൊണ്ട് ആ ചികിത്സയുടെ പ്രയോജനം പൂർണ്ണമായി ജനങ്ങൾക്ക് അനുഭവപ്പെടുന്നില്ല. അതു മാത്രമല്ല, ആവശ്യമായ സാമ്പത്തികസഹായവും, മറ്റു തരത്തിലുള്ള സാങ്കേതികസഹായവും അവർക്ക് ചെയ്തുകൊടുക്കേണ്ടതാണ്. ഇന്ന് ഇങ്ങനെയുള്ള പ്രോത്സാഹനം ഇല്ലാത്തതുകൊണ്ട് അവരുടെ പ്രവർത്തനം ശരിയായിട്ട് നടത്താൻ സാധിക്കുന്നില്ല. അതുപോലെ ആയുർവ്വേദം പോലെയുള്ള നാടൻ രീതിയിൽ ചികിത്സ നടത്തുന്നവർക്ക് ആവശ്യമായ നിയമപരവും സാങ്കേതികവും ആയ അംഗീകാരം കിട്ടാതെ വിഷമം നേരിടുന്നുണ്ട്. ഈ കുറവുകൾ പരിഹരിക്കാൻ സമഗ്രമായ ഒരു ബിൽ ഈ രംഗത്തു ആവശ്യമായിരിക്കുകയാണ്. രജിസ്ട്രേഷനെ സംബന്ധിച്ചിടത്തോളം മുൻപുണ്ടായിരുന്ന വ്യവസ്ഥ അഞ്ചുകൊല്ലത്തെ സ്വതന്ത്രമായ ചികിത്സാപരിചയം ഉണ്ടായിരിക്കണം എന്നായിരുന്നു. അതനുസരിച്ച് അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി എന്നീ ചികിത്സാസമ്പ്രദായത്തിലുള്ളവർക്ക് രജിസ്ട്രേഷനു സാധ്യത ഉണ്ടായിരുന്നുള്ളൂ. രജിസ്ട്രേഷനു കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കാതെ കേരള വ്യാപകമായി ഇങ്ങനെയൊരു ബില്ലുണ്ടാകേണ്ടതു ആവശ്യമാണ്. ഇന്ന് തിരു–കൊച്ചി പ്രദേശത്തെക്കാൾ, പകുതി ചികിത്സാസൗകര്യങ്ങളേ മലബാർ ഭാഗത്തുള്ളൂ. തിരു–കൊച്ചി പ്രദേശത്തുനിന്നും ധാരാളം വൈദ്യന്മാർ മലബാർ ഭാഗത്തു പോയി ഇൻഡിജിനസ് ഹോമിയോപ്പതി തുടങ്ങിയ ചികിത്സകളും നടത്തിവരുന്നുണ്ട്. അവക്കൊക്കെ സാങ്കേതികമായ അംഗീകാരം ലഭിക്കണം. ചികിത്സാസമ്പ്രദായത്തിൽ ഏകീകൃതമായ ഒരു ബില്ലുകൊണ്ടുവന്നു ആവശ്യമായ സംരക്ഷണം നൽകേണ്ടതാണ്. ഇങ്ങനെയുള്ള ലക്ഷ്യങ്ങളും വച്ചുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു.

ഈ ബിൽ സെലക്ട് കമ്മിറ്റിക്കു പോകുന്ന അവസരത്തിൽ കഴിയുന്നതും വിദഗ്ദ്ധന്മാരായ അംഗങ്ങളെ ഉൾപ്പെട്ട ഒരു കമ്മിറ്റിയെയാണ് തിരഞ്ഞെടുത്തിരിക്കുന്നതു—ബന്ധപ്പെട്ട ആളുകളും ഈ വക കാര്യങ്ങളും പരാമർശിച്ചു വേണ്ട ഭേദഗതികളോടുകൂടി റിപ്പോർട്ട് അവതരിപ്പിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ബിൽ സെലക്ട് കമ്മിറ്റിക്കു അയയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുകയാണ്.

ഡാക്ടർ കെ. എം ചാക്കോ : സർ, ഈ ബില്ല് സെലക്ട് കമ്മിറ്റിക്കയയ്ക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുകയാണ്. ഇതു വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണെന്നുള്ളതിനു സംശയമില്ല. മനുഷ്യരുടെ മരണവും, ജീവനും തമ്മിൽ വളരെ ബന്ധമുള്ള ഒരു ബില്ലാണിതു. വളരെ നേരത്തേതന്നെ കൊണ്ടുവരേണ്ട ഒരു ബില്ലായിരുന്നു; ചില സാങ്കേതികതടസ്സങ്ങളാൽ ഇത്രയും വൈകിപ്പോയതാണെന്നു വിചാരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡാ: കെ. എം. ചാക്കോ)

ഇതു വളരെ വിവാദപരമായ ഒരു ബില്ലാണു്. എന്റെ സ്നേഹിതൻ ശ്രീ. പൊടിപ്പാറ സൂചിപ്പിച്ചതുപോലെ, ഇന്നു് വൈദ്യന്മാരുടെ എണ്ണം വർദ്ധിച്ചിട്ടുള്ള ഒരു കാലഘട്ടമാണു്. അതേ സമയത്തു് വൈദ്യസമ്പ്രദായം ശാസ്ത്രീയമായ രീതിയിൽ അഭിവൃദ്ധി പ്രാപിച്ചിരിക്കുന്ന ഒരു കാലഘട്ടവുമാണു്. കഴിഞ്ഞ കാലത്തു്, ശാസ്ത്രീയമായ രീതിയിൽ ചികിത്സ നിശ്ചയമില്ലാത്ത, ശരിയായ വിധത്തിൽ വൈദ്യം അറിവില്ലാത്ത ആളുകളുടെ സേവനവും കുറേയൊക്കെ ആവശ്യമായിരുന്നുവെന്നു സമ്മതിക്കാം. എന്നാൽ, ആധുനികകാലത്താകട്ടെ, വൈദ്യസമ്പ്രദായത്തിനു് ശാസ്ത്രീയമായ വളരെ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടു്; അതു് അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുകയുമാണു്. അതുകൊണ്ടു് വൈദ്യസമ്പ്രദായത്തിൽ വേണ്ടിടത്തോളം അറിവില്ലാത്തവരെ ആ ജോലി തുടരാൻ അനുവദിക്കുന്നതു ശരിയല്ല. അങ്ങനെയുള്ളവരെ നിരുത്സാഹപ്പെടുത്തേണ്ടതാവശ്യമാണു്. ജീവനും മരണവും തമ്മിൽ ബന്ധപ്പെട്ട ഒരു തൊഴിലായതുകൊണ്ടു് നല്ല പരിശീലനവും, പരിചയവും ഉള്ളവരെ മാത്രമേ ഈ ജോലിക്കു അനുവദിക്കാൻ പാടുള്ളു. മറ്റു തരത്തിൽ ജനങ്ങൾക്കു ഉപദ്രവകരമായ ചികിത്സ നടത്തുന്നവരെ നിരുത്സാഹപ്പെടുത്തേണ്ടതാണു്. ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു് അതായിരിക്കണം. പല തരത്തിലുള്ള വൈദ്യസമ്പ്രദായം നമ്മുടെ നാട്ടിലുണ്ടു്. മോഡേൺ മെഡിസിൻസു്, ആയുർവ്വേദം തുടങ്ങിയ ഇൻഡിജിനസു് മെഡിസിൻസു്, ഹോമിയോപ്പതി ഇങ്ങനെ പല സംപ്രദായങ്ങളും ഇന്നു നിലവിലുണ്ടു്. എന്നാൽ ഏതെങ്കിലും ഒരു പ്രത്യേക സമ്പ്രദായത്തിൽ പ്രാവീണ്യം നേടിയിട്ടുള്ളവർ മറ്റു സമ്പ്രദായങ്ങളിൽക്കൂടി പ്രാക്ടീസു നടത്തിവരുന്നുണ്ടു്. അതു് ജനദ്രോഹകരമായ ഒരു നടപടിയാണു്. ഓരോരുത്തരും പ്രത്യേകം പരിചയിക്കുകയും, പഠിക്കുകയും ചെയ്തിട്ടുള്ള ചികിത്സാസമ്പ്രദായത്തിൽ അല്ലാതെ, മറ്റു സമ്പ്രദായങ്ങളും കൂടി പ്രാക്ടീസു് ചെയ്യുന്നതു് അനുവദിക്കത്തക്കതല്ല. ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. നാം നിയമങ്ങളും പാസ്സാക്കിയതുകൊണ്ടുമാത്രമായില്ല, നിയമം പാലിക്കുവാൻ കൂടി പ്രത്യേകം നിഷ്കർഷിക്കണം. ഇങ്ങനെയുള്ള നിയമങ്ങളും നിർമ്മിക്കുമ്പോഴും, ഈ രംഗത്തു പ്രവർത്തിക്കുന്നവരുടെ പല സംഘടനകളും ഉള്ളവയുടെ അഭിപ്രായങ്ങളും കൂടി കണക്കിലെടുക്കണം. മോഡേൺ മെഡിസിൻസു് സംബന്ധിച്ചു പറഞ്ഞാൽ അവക്കു അംഗീകൃതമായ ഒരു സംഘടനയുണ്ടു്. 'ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ' കേരളത്തിൽ അതിന്റെ പ്രവർത്തനബ്രാഞ്ചുണ്ടു്. ഡിസ്ട്രിക്റ്റു അടിസ്ഥാനത്തിൽ അതിനു ശാഖകളുണ്ടു്. അതുപോലെതന്നെ ആയുർവ്വേദവൈദ്യന്മാർക്കു പ്രത്യേകം അസോസിയേഷൻ ഉണ്ടു്. ഓരോ വിഭാഗക്കാർക്കും അവരുടേതായ സംഘടനകളും ഉണ്ടു്. ആ സംഘടനകളുടെ അഭിപ്രായങ്ങളുംകൂടി സെലക്റ്റു കമ്മിറ്റി പ്രത്യേകം പരിഗണിക്കേണ്ടതാണു്.

സർ, മറെറാരു കാര്യം ഇൻഡ്യൻ മെഡിസിൻസു് എന്നു പറയുമ്പോൾ മോഡേൺ മെഡിസിനും, ഹോമിയോപ്പതി മെഡിസിനും വിദേശമാക്കുമതിയല്ലേ എന്നൊരു സംശയത്തിനിടയായേക്കാം. അതുകൊണ്ടു് ഇൻഡ്യൻ മെഡിസിൻസു്എന്ന പേരു മതിയോ, അതു ഭേദഗതി ചെയ്യേണമോ എന്നു പരിശോധിക്കണം. ഈ കാര്യങ്ങളെല്ലാം സെലക്റ്റു കമ്മിറ്റി പരിശോധിച്ചു് കഴിയുന്നതും വേഗം റിപ്പോർട്ടു് സമർപ്പിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

Shri R. Raghava Menon : Mr. Speaker, Sir. Today, although the House is not full, we are expected to legislate on an important measure which is vital in the field of medicine. It is the duty of the Government to preserve and to look after the conditions of health of the people. For that purpose, we require the help of good doctors and vydians. Today, what is happening is that the Ayurvedic system of treatment is in a state of neglect. So, it is of utmost importance to give some relief to this system of treatment. This matter may be very seriously considered at the Select Committee stage.

LIBRARY ARCHIVES Kerala Legislative Assembly

The Medical department is one of the very important departments. It requires some more attention. Ayurveda and Unani are two important systems of medicine. There are some other systems also. Different bodies require different kinds of treatment. One medicine cannot be administered in one case; it requires something else. Different cases require different kinds of medicines to get relief. We have to find out the constitutional proclivities of the patients and then prescribe the medicine. It is also a science that has to be developed. We have got hospitals. There is no doubt about it. But what are we doing there? The whole country is using English medicines. Of course, that is required, we cannot complain about that. As regards Ayurveda and Homeopathy, they are systems which are equally effective and sometimes much better, because there will be no reaction. Generally, in the case of English medicines there may be reactions. Hence serious attention should be given to the improvement of Ayurvedic and Homeopathic systems. Many things are wanting. Nothing is done towards this end. The concerned Minister should visit every hospital. Often, Ministers are visiting places, but they do not care to find out the difficulties. Often, the smallest things in the State escape the attention of the Minister. The Minister who is in charge of the health of the people should look into these matters. I am not criticising, but they do not know the conditions of the country. What I am trying to say is that they should try to improve the conditions. Usually, when a Minister goes out and visits places he stays in the tourist homes and bungalows. After attending some functions he comes away without trying to understand the needs of the people.

This is a department where you can do wonders. We have got the Ayurvedic system of treatment which also helps to cure the diseases. We have excellent medicinal herbs in our forests. What have we done to maintain that? Kerala is a State which is famous for its herbs. We have got excellent physicians in Ayurveda and fortunately, we have got a Minister who is young, active and intelligent and he must try to revive the Ayurvedic Branch of medicines in the State. We have to establish Ayurvedic hospitals and try to improve the centres we have got at present. There must be a Government medicinal orchard, where medicinal herbs can be planted and preserved. I am sure, not only in our State, but in the whole of India, much importance is not given to this system of treatment.

Our doctors go to America and Colombo and then come back with Degrees. But the system of Ayurveda is more suited to our States This is a better form of treatment. The Ayurvedic medicines are prepared by our own people at home and so this is a department which ought to be handled with a little more vigour. This system is not completely modernised only 25 percent is done to improve its condition. 75 per cent is left undone and incapable of being done due to want of proper attention, etc. The concerned Minister should work for it. There is no personal reflection of my friend who is in charge of it. But in some other States they are getting on better. Sir, I am speaking this from my own personal experience.

LIBRARY ARCHIVES Kerala Legislative Assembly

(Shri R. Raghava Menon)

What I submit is, we must have a thoroughly efficient system of Homeopathy with hospitals in almost all the important centres. Government must help them liberally. Government must also take necessary steps to maintain and preserve medicinal gardens and Government must take great interest in the development of the Homeopathic system.

Of course, this is a simple thing. What about the Ayurvedic system of treatment? What is it that is happening today? Are we doing anything to improve it? Much has to be done to improve it. I am not criticising anybody. I have no complaint about what you have done. I am saying that little more stress must be given to Ayurvedic medicines and Ayurvedic hospitals. There should be hospitals and medicinal gardens. These things, the Minister in charge must note. That will go a long way to promote the Ayurvedic system of treatment.

Our people are not rich enough to take to treatment with the aid of English medicines and doctors. Most of them are following the Ayurvedic system of treatment. We must devote some more attention to better the position of the relatively so-called native Ayurvedic medicines. The only thing is that nobody cares and nodody knows how the people are getting on and what is the general condition of the people. They must find out whether they are seriously suffering from different kinds of diseases. Of course, there is starvation. Nobody has got the inclination to look into it. We have to study it afresh. What is the kind of administration that we have? What are the things that have to be done in this field? I think we have to study afresh what is now being done, which is highly unsatisfactory. What is now being done today is not healthy and suitable to the existing conditions. That is my opinion. I am competent to review their work and to criticise them. But I should not be pictured as accusing anybody. I am not accusing anybody's failures. I am competent to review it as a member of the Assembly. I am only doing my duty.

This Department is in charge of a young a Minister who can do a good deal and who has got the spirit, courage, energy and willingness to do things, and I hope he will play an active part and develop the Ayurvedic system of medicines, which is more suitable for our State. I need not take much time. I appeal to the Minister to convene six or seven Ayurvedic conferences inviting doctors and physicians and to discuss amoung other things, the preservation and maintenance of medicinal gardens and the steps to improve the Ayurvedic system of treatment and give new light to the Ayurvedic system of treatment.

Mr. Speaker: Order, Order. It is now time to take up the next item.

This will lie over and we can continue it next day.

Private Members 'Business.

Mr. Speaker: In the absence of the Chairman of the Committee on Private Members' Bills and Resolutions Smt. K. R.Saraswathi Amma will move for the adoption of the Report.

10 A.M.

Smt K.R. Saraswathi Amma: Sir, I move that the First Report of the Committee on Private Members' Bills and Resolutions in 1964 be adopted.

LIBRARY ARCHIVES Kerala Legislative Assembly